I ഇ.ബി. XI-കേരള നിയമസഭ/V12

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

<u>2003 ഫെബ്രുവരി 21, വെള്ളി</u>

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചില പ്രതിപക്ഷാംഗങ്ങൾ നൽകിയിരുന്ന അടിയന്തിരപ്രമേയ നോട്ടീസിലെ വിഷയം സഭയിൽ ഉന്നയിക്കാൻ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി ക്കൊണ്ടിരുന്നു.)

**<u>മി.സ്പീക്കർ</u>**: ഇന്ന് പ്രതിപക്ഷ നേതാക്കന്മാരെല്ലാം വയനാട് ജില്ലയിലെ മുത്തങ്ങയിൽ പോയിട്ടുള്ളതിന്റെ പേരിൽ ഇവിടെ ഒരു സീൻ ക്രിയേറ്റ് ചെയ്യണമെന്നുണ്ടെങ്കിൽ എനിക്ക് വിരോധമില്ല. ഈ സംസ്ഥാനത്തെ ജനങ്ങൾ പ്രതിപക്ഷത്തിന്റെ ഈ നിലപാടിന് എതിരാണെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. അവിടെ രണ്ട് പോലീസുകാരെ തീ കത്തിച്ച് കൊല്ലാൻ

ശ്രമിച്ചു. ഒരു പാരലൽ ഗവൺമെന്റ് ഉണ്ടാക്കാൻ ശ്രമിച്ചവരെ അടിച്ചമർത്തുകയോ വെടിവച്ച് അമർച്ച ചെയ്യുകയോ ചെയ്യേണ്ടത് ഏതൊരു ഗവൺമെന്റിന്റേയും ബാദ്ധ്യതയാണെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഈ വിഷയത്തെ സംബന്ധിച്ച് അടിയന്തിരപ്രമേയ നോട്ടീസ് ഇന്നലെ സഭയിൽ ഉന്നയിക്കാൻ അനുവദിച്ചു. ഇന്ന് ഗുരുതരമായ ഒരു സ്ഥിതിവിശേഷവുമില്ലാത്തതിനാൽ ഈ അടിയന്തിരപ്രമേയ നോട്ടീസിലെ വിഷയം ഉന്നയിക്കാൻ അനുവദിക്കുന്നില്ല.

(അടിയന്തിരപ്രമേയ നോട്ടീസിലെ വിഷയം സഭയിൽ ഉന്നയിക്കുന്നതിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

## ശ്രദ്ധ ക്ഷണിക്കൽ

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്ക്കരിച്ചതിനാൽ ശ്രീ. വി.കെ. ചന്ദ്രൻ നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

### പാലക്കാട് ജില്ലയിലെ വരൾച്ച നേരിടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

**ശ്രീ.കെ.എ.ചന്ദ്രൻ:** അതിരൂക്ഷമായ വരൾച്ചമൂലം പാലക്കാട് ജില്ലയിലെ ജനങ്ങൾ കൃഷിനാശവും കുടിവെള്ളക്ഷാമവും നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഇതിനായി പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം അത്യാവശ്യമാണ്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരവും കടാശ്വാസവും നൽകണം. വരൾച്ചബാധിത പ്രദേശങ്ങളിലെ കുടിവെള്ളവിതരണ പദ്ധതികൾ

യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. കിണറുകളിൽ അവശേഷിക്കുന്ന വെള്ളം പമ്പ് ചെയ്ത് കുടിക്കാനും മറ്റ് ആവശ്യങ്ങൾക്കും വിനിയോഗിക്കുന്നതിന് വൈദ്യുതി ലഭ്യമാക്കണം. പറമ്പിക്കുളം–ആളിയാർ കരാറനുസരിച്ച് പാലക്കാട് ജില്ലയ്ക്ക് ലഭിക്കേണ്ട വെള്ളം സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം ഈ പദ്ധതിയിൽനിന്ന് അധികജലം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനാവശ്യമായ സമ്മർദ്ദം തമിഴ്നാട് ഗവൺമെന്റിൽ ചെലുത്തുകയും ഈ കരാർ പുനരവലോകനം ചെയ്ത് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുകയും ചെയ്യണം. ഈ കരാറനുസരിച്ച് ലഭിക്കേണ്ട വെള്ളം ലഭിക്കാത്തതുകൊണ്ടാണ് പാലക്കാട് ജില്ലയിൽ കുടിവെള്ളക്ഷാമവും വൻതോതിൽ കൃഷിനാശവും ഉണ്ടായിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ഒന്നാംവിള കൃഷിക്ക് ഈ വർഷം 91 കോടി രൂപയുടേയും രണ്ടാംവിള കൃഷിക്ക് 36 കോടി 14 ലക്ഷം രൂപയുടേയും നാശം സംഭവിക്കുകയും 9,638 ഹെക്ടർ സ്ഥലത്തെ രണ്ടാംവിള കൃഷി പൂർണ്ണമായി നശിക്കുകയും 2040 ഹെക്ടർ സ്ഥലത്തെ കൃഷി ഉണക്കുഭീഷണി നേരിട്ടുകൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി കർഷകർ എടുത്തിട്ടുള്ള വായ്പകൾ പുന:ക്രമീകരിച്ചു കൊടുക്കുകയും കൃഷിവകുപ്പ് മുൻകൈയെടുത്ത് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് എത്രയും പെട്ടെന്ന് കൃഷിനാശത്തെ സംബന്ധിച്ച പഠനം നടത്തിച്ച് റിപ്പോർട്ട് വാങ്ങി ക്രോപ്പ് ഇൻഷ്വറൻസ് തുക ലഭ്യമാക്കുകയും ചെയ്യണം. വരൾച്ച ദുരിതാശ്വാസ ഫണ്ടിൽനിന്ന് വരൾച്ചബാധിത പ്രദേശങ്ങളിലേയ്ക്ക് റവന്യൂ വകുപ്പ് അനുവദിക്കുന്ന തുക, കുടിവെള്ളം എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ ബോർ വെല്ലുകൾ കുഴിക്കുന്നതിനുകൂടി വിനിയോഗിക്കാൻ കഴിയണം. നിലവിലുള്ള ചെറുകിട

ശുദ്ധജലവിതരണ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. പാലക്കാട് ജില്ലയിലെ വരൾച്ച പ്രത്യേകമായി കണ്ട് ആവശ്യമായ തുക അനുവദിക്കണം. ലോറികളിൽക്കൂടിയുള്ള കുടിവെള്ളവിതരണം കാര്യക്ഷമമായി നടത്തണം. മീൻകര–ചുള്ളിയാർ ലിങ്ക് കനാലിന്റെ ആഴവും വീതിയും കൂട്ടണം. ചുള്ളിയാർ ഡാം ജലസംഭരണിയാക്കുന്നതിന് പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കണം. കൊല്ലങ്കോട്, കൊടുവായൂർ, കൊഴിഞ്ഞാമ്പാറ ശുദ്ധജലവിതരണ പദ്ധതികളുടെ പണിയും കൊല്ലങ്കോട്–മുതലമട–കൊടുവായൂർ ഇലക്ട്രിക്കൽ സബ് സ്റ്റേഷനുകളുടെ പണിയും എത്രയും പെട്ടെന്ന് പൂർത്തിയാക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി):** ഈ വർഷം കാലവർഷത്തിന്റെ തോത് സാധാരണയുള്ളതിലും വളരെ കുറവായിരുന്നതിനാൽ മിക്കവാറും എല്ലാ ജില്ലകളും ഇപ്പോൾ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ ഈ പ്രശ്നം വളരെ ഗൗരവമായി കണക്കിലെടുത്ത് പരിഹാരനടപടികൾ സ്വീകരിക്കാനുള്ള ശ്രമങ്ങൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ഭൂരിഭാഗം സ്ഥലങ്ങളും വരൾച്ചബാധിത പ്രദേശങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വരൾച്ച നേരിടുന്നതിനായി 50 ലക്ഷംരൂപ ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ പി.എ.പി.–യിൽ നിന്ന് കരാറിൽ പറഞ്ഞിരിക്കുന്നതിനുപുറമേ 400 എം.സി. അടി ജലംകൂടി നൽകണമെന്ന് 2–9–2002–ൽ കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അവിടെയും വരൾച്ച നേരിടുന്നതുകൊണ്ട് 100 എം.സി. അടി ജലം വിട്ടുതരാനേ നിർവ്വാഹമുള്ളൂവെന്ന് തമിഴ്നാട് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള വിളകൾ സംരക്ഷിക്കുന്നതിന് ഒരു ടി.എം.സി. ജലം കൂടി വിട്ടുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10–2–2003–ൽ ജലവിഭവ

വകുപ്പുമന്ത്രി തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. 10-6-2002-ൽ ചെന്നൈയിൽ വച്ച് നടന്ന മന്ത്രിതല യോഗത്തിന്റെ തീരുമാനപ്രകാരം പി.എ.പി. കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലേയും ജലവിഭവ വകുപ്പിലെ രണ്ടുവീതവും വൈദ്യുതി ബോർഡിലെ ഒന്നുവീതവും ഉദ്യോഗസ്ഥരടങ്ങുന്ന സാങ്കേതിക സമിതിയോട് കണക്കുകളുടേയും വസ്തുതകളുടേയും അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കും. മൂലത്തറ ഹൈ ലെവൽ കനാൽ വീതികൂട്ടി അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആലോചനയിലുണ്ട്. നെല്ലിയാംപതി മലനിരകളിൽനിന്ന് പാഴായിപ്പോകുന്ന മഴവെള്ളം മീൻകര-ചുള്ളിയാർ ഡാമുകളിൽ ശേഖരിച്ച് കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാൻ പലകപ്പാണ്ടി പദ്ധതിയും പരിഗണനയിലുണ്ട്. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ആവശ്യപ്പെട്ടുകൊണ്ട് 1321 അപേക്ഷകളും കുടിവെള്ള പദ്ധതിക്കുള്ള 19 അപേക്ഷകളും നിലവിലുണ്ട്. അവയ്ക്ക് കണക്ഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലൊട്ടാകെയുള്ള വരൾച്ച കണക്കിലെടുത്തുകൊണ്ട് കേന്ദ്ര സഹായം ലഭ്യമാക്കാനുള്ള നടപടികളും സർക്കാർ സ്വീകരിക്കും. സംസ്ഥാനത്തിന്റേയും കേന്ദ്രത്തിന്റേയും സംയുക്ത നീക്കത്തിലൂടെ ഈ വർഷത്തെ വരൾച്ചയിൽനിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>സിനിമാ വ്യവസായരംഗത്തെ പ്രതിസന്ധി</u>

<u>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:**</u> സിനിമാ വ്യവസായരംഗത്തെ വിതരണക്കാരും തീയേറ്റർ ഉടമകളും തമ്മിൽ നിലനിൽക്കുന്ന തർക്കംമൂലമുള്ള പ്രതിസന്ധി പൊതുജനങ്ങളേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വരുമാനത്തേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഗവൺമെന്റ് മദ്ധ്യസ്ഥത വഹിച്ച് അടിയന്തിരമായി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ):</u>** ചലച്ചിത്ര വിതരണ-പ്രദർശന രംഗത്ത് തീയേറ്റർ ഉടമകളും വിതരണക്കാരും തമ്മിലുള്ള തർക്കങ്ങൾമൂലം താൽക്കാലിക പ്രതിസന്ധിയുണ്ടായിട്ടുണ്ട്. വിതരണക്കാർക്ക് നൽകിവരുന്ന വേതന വിഹിതം ഏകീകരിക്കുക, റെപ്രസന്റേറ്റീവ്മാരുടെ ബാറ്റ വർദ്ധിപ്പിക്കുക, ഹോൾഡ് ഓവർ തുക കുറയ്ക്കുക, പരസ്യച്ചെലവിനത്തിൽ തീയേറ്ററുകൾക്ക് നൽകുന്ന വിഹിതം വർദ്ധിപ്പിക്കുക തുടങ്ങിയ വിതരണക്കാരുടെ പ്രധാന ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് തീയേറ്ററുകൾ നടത്തിയാൽ ലാഭകരമല്ലെന്നാണ് ഉടമകളുടെ വാദം. ഈ ആവശ്യങ്ങൾ അംഗീകരിക്കാത്ത തീയേറ്ററുകൾക്ക് ചിത്രങ്ങൾ നൽകുകയില്ലെന്ന നിലപാടാണ് വിതരണക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇരുകൂട്ടരും ചർച്ചചെയ്ത് അഭിപ്രായസമന്വയമുണ്ടായാൽ മാത്രമേ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഈ പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ ഇനിയും തുടരുന്നതാണ്. തീയേറ്ററുകൾ അടച്ചിടുന്നതുകൊണ്ട് പൊതുജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ ചർച്ചകൾ

വിജയിക്കുന്നില്ലെങ്കിൽ സർക്കാർതലത്തിൽ ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ചചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ചെമ്മീൻ പാടശേഖരങ്ങളിലെ വൈറസ് രോഗം</u>

**<u>ശ്രീ. വി.ഡി. സതീശൻ</u>:** സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷി ചെയ്യുന്ന പാടശേഖരങ്ങളിലെ വൈറസ് രോഗബാധ തടയുന്നതിനാവശ്യമായ നടപടിയുണ്ടാകണം.

**ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>പ്രൊഫ.കെ.വി.തോമസ്</u>)**: കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന കേരളത്തിലെ ചെമ്മീൻ കൃഷിക്ക് വൈറസ് രോഗബാധ ഉണ്ടായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിലെ പാടശേഖരങ്ങളിലെ ചെമ്മീൻ കൃഷിക്കാണ് ഈ രോഗം കണ്ടിട്ടുള്ളത്. ഇത് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ എറണാകുളത്ത് ചെമ്മീൻ കർഷകരുടെ ഒരു യോഗം വിളിച്ചുകൂട്ടി; ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് 27-3-2002-ൽ ഒരു ഹൈ പവർ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. കർഷകർക്ക് ആശ്വാസം നൽകുന്നതിന്, സാമ്പത്തിക സഹായം നൽകിയ ബാങ്കുകളുമായും മറ്റു ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടത്തുകയും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഇക്കാര്യം ഉന്നയിച്ച് കൃഷി ആവശ്യത്തിനായി ചെമ്മീൻ കർഷകർ എടുത്ത വായ്പാ തിരിച്ചടവിന് സാവകാശം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന ചെമ്മീൻ കുഞ്ഞുങ്ങളെ കർശനമായ

പരിശോധന നടത്തിയ ശേഷമേ പാടശേഖരങ്ങളിൽ നിക്ഷേപിക്കാൻ പാടുള്ളൂവെന്ന് ജില്ലാതല കൃഷി ഓഫീസർ മുഖാന്തിരം കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ പരിശോധനയ്ക്കായി 3 കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി കൈക്കൊള്ളുകയും ചെയ്തു. കൂടുതൽ പരിശോധനാ കേന്ദ്രങ്ങൾ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ സഹകരണത്തോടെ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

### (3) കുവൈറ്റ് മലയാളികൾക്ക് സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്ന ആവശ്യം

**ശ്രീ. ടി. എൻ. പ്രതാപൻ** : ഇറാക്കിന് നേരെയുള്ള അമേരിക്കയുടെ യുദ്ധ ഭീഷണി മൂലം പ്രതിസന്ധിയിലായിരിക്കുന്ന രണ്ടുലക്ഷത്തിലേറെ വരുന്ന പ്രവാസി ഇൻഡ്യക്കാർക്ക് സഹായം നൽകുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നതോദ്യോഗസ്ഥരെ കുവൈറ്റിലേയ്ക്കയയ്ക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും യുദ്ധത്തിനെതിരായ ഈ സഭയുടെ വികാരം കേന്ദ്രത്തെ അറിയിക്കുകയും ചെയ്യണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)**: നിത്യേന ഗൾഫിൽനിന്നും വരുന്ന വാർത്തകൾ ഗൾഫ് രാജ്യങ്ങളിൽ കഴിയുന്നവരുടെ ബന്ധുക്കളായ ഇൻഡ്യയിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ഉറക്കമില്ലാതാക്കിയിരിക്കുന്നു. കേരളത്തിലെ ദശലക്ഷക്കണക്കിന് ചെറുപ്പക്കാർ ഗൾഫ് നാടുകളിൽ

പണിയെടുത്ത് ജീവിക്കുന്നവരാണ്. ഇറാക്കിന്റെ എണ്ണപ്പാടങ്ങൾ പിടിച്ചെടുക്കുക എന്ന ലക്ഷ്യമല്ലാതെ മറ്റ് യാതൊരു ന്യായീകരണവും അമേരിക്കയുടെ ഈ യുദ്ധ ഭീഷണിക്കില്ല. അമേരിക്കയുടെ സഖ്യകക്ഷികളായിരുന്ന ഫ്രാൻസ്, റഷ്യ, ചൈന എന്നീ രാജ്യങ്ങളും ഐക്യരാഷ്ട്ര സഭയുടെ സെക്യൂരിറ്റി കൗൺസിലിലെ സ്ഥിരാംഗങ്ങളും അമേരിക്കൻ നിലപാടിനെതിരായി ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഗൾഫിലെ എണ്ണപ്പാടങ്ങളെ നോട്ടമിടുന്ന അമേരിക്കയാണ് ലോകം ഭരിക്കുന്നതെന്ന മെസേജ് കൊടുക്കാൻ ഇറാക്കിനെ ആക്രമിക്കുമെന്ന അമേരിക്കൻ നിലപാടിനെതിരെ ലോക ജനരോഷം ശക്തിയായി ആളിപ്പടരുകയാണ്. സൂയസ് കനാൽ ആക്രമിക്കപ്പെട്ടപ്പോഴും ശക്തമായ നിലപാട് സ്വീകരിച്ചത് ഇൻഡ്യയാണ്. മെമ്പർ പ്രകടിപ്പിച്ച വികാരങ്ങളോട് സർക്കാരിനും സഭയ്ക്കും പൂർണ്ണ യോജിപ്പാണുള്ളത്.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ)**: ഇറാക്കിനുനേരെയുള്ള അമേരിക്കയുടെ യുദ്ധ ഭീഷണി മൂലം ഭയവിഹ്വലരായി കഴിയുന്ന കുവൈറ്റ് മലയാളികളടക്കമുള്ള ഇൻഡ്യാക്കാർക്ക് സംരക്ഷണം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലേക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ഉന്നതോദ്യോഗസ്ഥരുമായും കേന്ദ്ര വിദേശകാര്യ മന്ത്രിയുമായും ചർച്ച നടത്തുകയും ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ 2003 ഫെബ്രുവരി 15-ാം തീയതി കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിക്ക് ഒരു ഫാക്സ് സന്ദേശം അയയ്ക്കുകയും ചെയ്തു. അതിനും പുറമേ സ്വകാര്യ പരിപാടികൾക്കായി ഗൾഫ് നാടുകളിൽ പോയ സംസ്ഥാന മരാമത്ത് വകുപ്പുമന്ത്രി ശ്രീ. എം.കെ.

മുനീർ ഇൻഡ്യൻ അംബാസഡറുമായും മലയാളി സംഘടനകളുമായും ഇതുസംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. സി.ബി.എസ്.ഇ. പരീക്ഷയുടെ സമയം അടുത്തതിനാൽ, മലയാളികൾ ഗൾഫിൽ നിന്നും തിരിച്ചുവരാനിടയായാൽ, അവരുടെ കുട്ടികൾക്ക് കേരളത്തിൽ സി.ബി.എസ്.ഇ. പരീക്ഷ എഴുതാനുള്ള സൗകര്യം ഏർപ്പെടുത്തിക്കൊടുക്കണമെന്നാണ് ചർച്ചയിൽ ഉണ്ടായ ഒരു പ്രധാന ആവശ്യം. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, കുവൈറ്റിൽ സി.ബി,എസ്.ഇ. പരീക്ഷ എഴുതേണ്ട കുട്ടികൾക്ക്, വേണ്ടിവന്നാൽ, കേരളത്തിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യമുണ്ടായാൽ വിമാന സർവ്വീസുകൾ നടത്താമെന്ന് ഇൻഡ്യൻ എയർലൈൻസും എയർ ഇൻഡ്യയും ഉറപ്പ് നൽകിയിട്ടുണ്ട്. ഉടനേ ഒരു തിരിച്ചുവരവ് ഉണ്ടാകാൻ സാദ്ധ്യതയില്ലെന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്. യുദ്ധമുണ്ടായാൽ അടിയന്തിരമായി കുവൈറ്റിലുള്ള കേരളീയരുടെ കുടുംബാംഗങ്ങൾക്ക് വിവരങ്ങൾ കൈമാറുന്നതിനുള്ള എല്ലാവിധ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം.

2002-ലെ കേരള വാല്യൂ ആഡഡ് സെയിൽസ് ടാക്സ് ബില്ലിനെ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

## വ്യക്തിപരമായ വിശദീകരണം

**പ്രൊഫ. എ.ഡി. മുസ്തഫ**: 20–2–2003–ൽ പ്രതിപക്ഷാംഗങ്ങളുടെ വാക്കൗട്ടി നോടനുബന്ധിച്ച് പ്രതിപക്ഷ നേതാവ് നടത്തിയ പ്രസംഗത്തിൽ ആറളം ഫാം ഭൂരഹിത ആദിവാസികൾക്ക് പതിച്ചുകൊടുക്കുന്നതിൽ സ്ഥലം എം.എൽ.എ. ആയ ഞാൻ എതിരാണെന്ന രീതിയിൽ സംസാരിക്കുകയുണ്ടായി.. കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ആറളം ഫാം കേരള ഗവൺമെന്റ് വിലയ്ക്കെടുത്ത് പകുതി സ്ഥലം ഫാമായി നിലനിറുത്തിക്കൊണ്ട് ബാക്കി ആദിവാസികൾക്ക് പതിച്ചുകൊടുക്കുമെന്ന് പ്രഖ്യാപിച്ചപ്പോൾ അതിനെ തുരങ്കം വയ്ക്കാൻ മാർക്സിസ്റ്റുപാർട്ടിയിലെ എം.പി.മാർ നടത്തിയ ശ്രമത്തെ മറച്ചുപിടിക്കാനാണ് ഇത്തരമൊരു പരാമർശം ഇവിടെ നടത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ശ്രീ.ഒ.വി. നാരായണൻ ആറളം ഫാം സംരക്ഷണ സമിതി രൂപീകരിക്കുന്നതിനായി ഒരു കൺവെൻഷൻ വിളിച്ചുചേർത്തിരുന്നു. ആ പ്രദേശത്തെ എം.എൽ.എ.മാരായ എന്നെയോ ശ്രീ. കെ.സി. ജോസഫിനേയോ ആ കൺവെൻഷനിലേയ്ക്ക് ക്ഷണിച്ചിരുന്നില്ല. ഞാൻ പങ്കെടുക്കാതിരുന്ന ആ യോഗത്തിൽവച്ച് എന്നെ സംരക്ഷണ സമിതിയുടെ ചെയർമാനായി നിർദ്ദേശിക്കപ്പെട്ടിരുന്നുവെന്ന് അറിയുന്നു. സംരക്ഷണ സമിതി രണ്ട് തവണ യോഗം ചേർന്നു എന്നാണറിവ്. ആ യോഗങ്ങളിലേയ്ക്ക് ഞങ്ങളെ ക്ഷണിച്ചിരുന്നില്ല. ഭൂരഹിതരായ ആദിവാസി കർഷകർക്ക് ആറളം ഫാമിൽനിൽനിന്നും സ്ഥലംകൊടുക്കാനുള്ള കേരള ഗവൺമെന്റിന്റെ തീരുമാനത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2003-ലെ കേരള ആനപ്പാപ്പാൻ ക്ഷേമനിധി ബിൽ

**ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ** : 2003-ലെ കേരള ആനപ്പാപ്പാൻ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ** : പ്രമേയത്തെ പിൻതാങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം. ഹസ്സൻ)** : പ്രമേയത്തെ എതിർക്കുന്നു. ഇൻഡ്യയിലെ ഏതൊരു സംസ്ഥാനത്തെ അപേക്ഷിച്ചും ആനക്കമ്പമുള്ള ജനങ്ങളും ആന വളർത്തുകാരും ഏറ്റവും കുടുതലുള്ളത് കേരളത്തിലാണ്. ആനയെ ക്ഷേത്രങ്ങളിൽ നടയ്ക്കിരുത്തുന്നതും സംസ്ഥാനത്ത് സാധാരണ സംഭവമാണ്. ഗുരുവായൂർ പോലുള്ള മഹാക്ഷേത്രങ്ങൾക്ക് ഇത്തരത്തിൽ ലഭിക്കുന്ന ആനകളെ പരിരക്ഷിക്കുന്നതിനുള്ള സങ്കേതങ്ങൾ തന്നെ ഉണ്ടാക്കിയിട്ടുണ്ട്. ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും നെറ്റിപ്പട്ടം കെട്ടിയ ആനകൾ അവിഭാജ്യഘടകമാണ്. ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന ഗജമേളകൾ രാഷ്ട്രാന്തര പ്രശംസ നേടിയിട്ടുണ്ട്. ആനകളും ആനക്കാരും തമ്മിൽ കേരളത്തിൽ ശക്തമായ ആത്മബന്ധമാണുള്ളത്. എന്നാൽ സമീപകാലത്ത് ആനകൾ വിരണ്ടതിനെത്തുടർന്ന് പാപ്പാന്മാർ കൊല്ലപ്പെട്ട ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. നിലവിലുള്ള കേരള കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളായി

ആനപ്പാപ്പാന്മാർക്കും ചേരാമെന്നതിനാൽ അവർക്കുവേണ്ടി മാത്രമായി പുതിയ ഒരു ക്ഷേമനിധി പ്രായോഗികമല്ലെന്നാണ് തൊഴിൽവകുപ്പിന്റെ അഭിപ്രായം. ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

**ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ:** പുരാണങ്ങളിൽ ആനയ്ക്ക് മഹനീയമായ സ്ഥാനമാണുള്ളത്. വർഷങ്ങൾ കഴിഞ്ഞാലും വിറ്റാൽ വാങ്ങിയതിനെക്കാൾ കൂടുതൽ വില ലഭിക്കുന്ന ഏകജീവി ആനയാണ്. ആനയും ആനയെ പരിരക്ഷിക്കുന്ന പാപ്പന്മാരും സംരക്ഷിക്കപ്പെടണം. കേരളീയർക്ക് ആന വന്യജീവിയല്ല, സഹജീവിയാണ്. എന്നിരുന്നാലും രണ്ടാഴ്ചയ്ക്കുള്ളിൽ നാല് പാപ്പാന്മാരെ ആനകൾ ക്രൂരമായി കൊല ചെയ്യുകയുണ്ടായി. ഇക്കാലത്ത് പലയിടങ്ങളിലും മനുഷ്യർ വളരെ ക്രൂരമായിട്ടാണ് ആനകളോട് പെരുമാറുന്നത്. നല്ല പാപ്പാൻമാരും നല്ല ഉടമകളും ഇല്ലാത്തതാണ് ആനകൾ ക്രൂരമായ പീഡനത്തിന് ഇരയാകാൻ കാരണം. രാവും പകലും വ്യത്യാസമില്ലാതെ ആനകളെ കിലോമീറ്ററുകളോളം നടത്തുകയും പാപ്പാന്മാരും ഒപ്പം നടക്കുകയും കഷ്ടപ്പെടുകയും ചെയ്യുന്നു. ഉപജീവനത്തിനുവേണ്ടി പാപ്പാൻമാരായി തൊഴിലെടുക്കുന്നവർക്ക് ഇന്ന് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ സംരക്ഷണമോ ലഭിക്കുന്നില്ല. ഈ തൊഴിൽരംഗം വിടുമ്പോൾ ആശ്വാസത്തിനുവേണ്ടി പെൻഷൻ സ്കീം ഉൾപ്പെടെയുള്ള ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

(ചർച്ച തുടരും)

(2) <u>2003–ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ</u>

**<u>ശ്രീ. എം. മുരളി</u>** : 2003–ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**<u>പ്രൊഫ: സാവിത്രി ലക്ഷ്മണൻ</u>** : പ്രമേയത്തെ പിൻതാങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ)</u>**: ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു.

(അവതാരകന്റെ വിശദീകരണം അടുത്ത ദിവസത്തേയ്ക്ക് മാറ്റിവച്ചു.)

(2002–ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബില്ലിന്റേയും 2002–ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബില്ലിന്റേയും 2002–ലെ കേരള ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയ നിരോധന ബില്ലിന്റേയും 2002–ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബില്ലിന്റേയും അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ്ജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

(2) <u>2003–ലെ കേരള പബ്ളിക് സർവ്വീസസ് (ഭേദഗതി) ബിൽ</u>

**<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>**: 2003–ലെ കേരള പബ്ളിക് സർവ്വീസസ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ**: പ്രമേയത്തെ പിന്താങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ)** : ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുന്നു. ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമായതുകൊണ്ട് ഇത്തരത്തിലൊരു പ്രത്യേക ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നുള്ളതുകൊണ്ടാണ് ഈ പ്രമേയത്തെ എതിർക്കുന്നത്.

(അവതാരകന്റെ വിശദീകരണം അടുത്ത ദിവസത്തേയ്ക്ക് മാറ്റിവച്ചു.)

(4) 2003-ലെ കേരള സംസ്ഥാന ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ:

**ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:** 2003-ലെ കേരള സംസ്ഥാന ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

**ശ്രീ. എം. മുരളി**: പ്രമേയത്തെ പിന്താങ്ങുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):** പ്രമേയത്തെ എതിർക്കുന്നു.

(അവതാരകന്റെ വിശദീകരണം അടുത്ത ദിവസത്തേയ്ക്ക് മാറ്റിവച്ചു.)

(5) 2002-ലെ കേരള വിവാഹധൂർത്തും ആർഭാടവും നിരോധന ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.).

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച

2001–ലെ കേരള വൃദ്ധജന സംരക്ഷണ ബില്ലിന്റേയും(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്) 2002–ലെ കേരള അധാർമ്മിക പരസ്യ നിരോധന ബില്ലിന്റേയും (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നോട്ടീസ് നൽകിയത്) തുടർചർച്ച അടുത്ത ദിവസത്തേയ്ക്ക് മാറ്റിവച്ചു.

(2001–ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. എൻ. രാജൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച പരിഗണിക്കപ്പെട്ടില്ല).

സഭ രാവിലെ 10.22––ന് പിരിഞ്ഞു.

…………